58782/22

EA

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് - ഡോ.മേരിക്കുട്ടി തോമസ് സിവിൽ സർജൻ, സി.എച്ച്.സി നെടുമൺകാവ് - സർവ്വീസിൽ നിന്നും സ്വയം വിരമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2201/2022/H&FWD തീയതി,തിരുവനന്തപുരം, 06-09-2022

---

പരാമർശം:-

1. കൊല്ലം നെടുമൺകാവ് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സിവിൽ സർജൻ ഡോ.മേരിക്കുട്ടി തോമസ് 23.03.22 തീയതിയിൽ സമർപ്പിച്ച അപേക്ഷ
2. അക്കൗണ്ടന്റ് ജനറലിന്റെ 03.06.2022 തീയതിയിലെ GEO4/C/M2384/AG നമ്പർ കത്ത്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 20-07-2022 തീയതിയിലെ ഇഎ4-23868/2022/ആവഡ നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം നെടുമൺകാവ് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സിവിൽ സർജനായ ഡോ.മേരിക്കുട്ടി തോമസ് , 01.11.2022 മുതൽ സർവ്വീസിൽ നിന്നും സ്വയം വിരമിക്കുന്നതിനായി 23.03.22 തീയതിയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. 07. 10.2002 ൽ സർവ്വീസിൽ പ്രവേശിച്ച ഡോ.മേരിക്കുട്ടി തോമസ് 06.10.2022 ന് 20 വർഷം സർവ്വീസ് പൂർത്തിയാക്കിയിട്ടുണ്ട്. ടിയാളുടെ പേരിൽ സാമ്പത്തിക ബാധ്യതകളൊന്നും നിലവിലില്ല എന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ ഡോ.മേരിക്കുട്ടി തോമസിന്റെ പേരിൽ സാമ്പത്തിക ബാധ്യതകളോ അച്ചടക്ക നടപടികളോ നിലവിലില്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

2) സർക്കാർ ഈ വിഷയം പരിശോധിച്ചതിൽ, കൊല്ലം നെടുമൺകാവ് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സിവിൽ സർജനായ ഡോ.മേരിക്കുട്ടി തോമസ് , 01.11.2022 മുതൽ സർവ്വീസിൽ നിന്നും സ്വയം വിരമിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ, കെ.എസ് ആർ പാർട്ട് III ചട്ടം 56(1) ലെ വ്യവസ്ഥകൾ പ്രകാരം അനുവദനീയമാണെന്നു കാണുന്നു. ആയതിനാൽ 01.11.2022 മുതൽ സർവ്വീസിൽ നിന്നും സ്വയം വിരമിക്കുന്നതിന് ഡോ.മേരിക്കുട്ടി തോമസിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANU S
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം

ഡോ.മേരിക്കുട്ടി തോമസ് , സിവിൽ സർജൻ, നെടുമൺകാവ് സാമൂഹികാരോഗ്യ കേന്ദ്രം, കൊല്ലം.

ജില്ലാ മെഡിക്കൽ ഓഫീസർ ,കൊല്ലം .

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ) കേരള,തിരുവനന്തപുരം .

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by R Renuka**
**Date: 11-09-2022 19:00:16**
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. 23866/2022 / [illegible]
തിയതി 27/09/2022.

സ.ഉ.(സാധാ) നം. 2201/2022/H&FWD തിയതി 06/09/2022 പ്രകാരമുള്ള ഉത്തരവ് തുടർ നടപടികൾക്കായി പ്രസിദ്ധീകരിക്കുന്നു.

വിശ്വസ്തതയോടെ

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി